(ഡി) ജോലിക്ക് ഹാജരാകാത്ത ദിവസം പണിമുടക്കിയില്ലെങ്കിൽ അവധിക്ക് അപേക്ഷിക്കുന്ന രീതി നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ ;

(ഇ) സർക്കാർ സർവ്വീസിന്റെ ജനസേവന ലക്ഷ്യം ബോധപൂർവ്വം നശിപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടുപിടിച്ച് അത്തരം പ്രവണത നിരുത്സാഹപ്പെടുത്താൻ ഒരു പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

നിലം നികത്തി കൃഷിയിടങ്ങൾ നശിപ്പിച്ച സംഭവം

74 (75) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം നിലം നികത്തിയതിന്റെ പേരിൽ എവിടെയെല്ലാം കൃഷിയും വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളും നശിപ്പിച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം ആർക്കെല്ലാമാണ് നഷ്ടം സംഭവിച്ചത് ;

(സി) ഓരോരുത്തർക്കും എന്തു തുകയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കപ്പെടുന്നു ;

(ഡി) ആരുടെയെല്ലാം മത്സ്യകുളങ്ങളുടെ ബണ്ട് മുറിച്ച് മത്സ്യങ്ങളെ കുളങ്ങളിൽ നിന്ന് നഷ്ടപ്പെടുവാനിടയാക്കിയിട്ടുണ്ട് ;

(ഇ) ഇതുമൂലം ഓരോരുത്തർക്കും എന്തു നഷ്ടം വീതം ഉണ്ടായിട്ടുണ്ട് ;

(എഫ്) മുകളിൽ പറഞ്ഞ ഓരോ അക്രമപ്രവൃത്തിയും ചെയ്തത് ഏതെങ്കിലും സംഘടനയിൽപ്പെട്ടവർ ആണെന്ന് പറയുമോ ;

(ജി) എങ്കിൽ ഏതുസംഘടനയിൽപ്പെട്ടവരാണ് എന്നറിയിക്കുമോ ; ആരുടെ നേതൃത്വത്തിലാണ് ഇതിൽ ഓരോ കൃത്യവും നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(എച്ച്) ഈ ഓരോ കൃത്യവും നടത്തിയവരുടെ മേൽ കേസ് എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഐ) ഈ സംഭവങ്ങളിൽ നാശനഷ്ടമുണ്ടായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര വീതം ; നഷ്ട പരിഹാരം നൽകാത്തപക്ഷം അതിനുള്ള കാരണമെന്ത് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-എച്ച്) നെൽവയൽ നികത്തുന്നതിനെതിരായി നെൽക്കൃഷി സംരക്ഷിക്കുന്നതിന് നടന്ന സമരത്തോടനുബന്ധിച്ച് ആലപ്പുഴ ജില്ലയിലെ ചില ഭാഗങ്ങളിൽ ഇത്തരം ചില അനിഷ്ട സംഭവങ്ങൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇതേ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഭൂമികുലുക്കത്തിന്റെ കാരണങ്ങളെക്കുറിച്ച് പഠനം

75 (76) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈയിടെ ഉണ്ടായ ഭൂമികുലുക്കത്തിന്റെ കാരണങ്ങളെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തുണ്ടായ ഭൂമികുലുക്കത്തിൽ എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് എല്ലാ ജലസംഭരണികളും സുരക്ഷിതമാണോ ; അതോ ബലക്ഷയം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഉണ്ടായിട്ടുണ്ടെങ്കിൽ ബലക്ഷയം ഉണ്ടായിട്ടുള്ള ഡാമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇത് പരിഹരിക്കുന്നതിന് സംസ്ഥാനഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഭൂതലപഠനകേന്ദ്രത്തിന്റെ ദീർഘകാല പഠന പരിപാടിയുടെ ഭാഗമായി പഠനം നടത്തുന്നുണ്ട്. അതിനുപുറമേ മൈനിംഗ് ആന്റ് ജിയോളജി വകുപ്പും ഇതുസംബന്ധിച്ച പഠനം നടത്തുന്നുണ്ട്.

(സി) ഭൂമികുലുക്കത്തിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഡി-എഫ്) സംസ്ഥാനത്ത് വിദ്യുച്ഛക്തി ബോർഡിന്റെ കീഴിലുള്ള എല്ലാ ജലസംഭരണികളും സുരക്ഷിതമാണ്. ബലക്ഷയം ഉണ്ടായിട്ടില്ല. ജലസേചന വകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വത്തിന് ഇപ്പോൾ അപകട ഭീഷണി ഇല്ലെന്നാണ് പഠനം നടത്തിയ വിദഗ്ദ്ധൻമാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കാനായി സർക്കാർ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly